I ഇ.ബി. XIV-കേരള നിയമസഭ/XVI-18

**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2019 നവംബർ 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

പോലീസ് മർദ്ദനം

മി. സ്പീക്കർ: കെ.എസ്.യു. നടത്തിയ നിയമസഭാ മാർച്ചിൽ പങ്കെടുത്ത ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. അടക്കമുള്ള നേതാക്കളെ പോലീസ് മർദ്ദിക്കുകയും എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോകാതെ അറസ്റ്റ് ചെയ്ത് എ.ആർ. ക്യാമ്പിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്ത നടപടിമൂലം സംസ്ഥാനത്തുളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ടി. ബൽറാം, കെ. എം. ഷാജി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 19-11-2019-ന് തിരുവനന്തപുരത്തുവച്ചു നടന്ന വിദ്യാർത്ഥി സമരത്തിനിടയിൽ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് പരിക്കേറ്റ സംഭവം ദൗർഭാഗ്യകരമാണ്. വാളയാർ സംഭവം, പി.എസ്.സി. റാങ്ക് ലിസ്റ്റിലെ ക്രമക്കേട്, കേരള യൂണിവേഴ്സിറ്റിയിലെ മാർക്കുദാന ക്രമക്കേട് എന്നിവ ആരോപിച്ച് കെ.എസ്.യു. പ്രവർത്തകർ ഇന്നലെ ഉച്ചയ്ക്ക് നിയമസഭാ മന്ദിരത്തിലേയ്ക്ക് നടത്തിയ പ്രതിഷേധ മാർച്ച് പാളയം വേൾഡ് വാർ മെമ്മോറിയൽ ഭാഗത്ത് വച്ച് തടഞ്ഞ് പ്രതിഷേധക്കാരോട് പിരിഞ്ഞുപോകാൻ പോലീസ് ആവശ്യപ്പെട്ടു. അക്രമാസക്തരായ പ്രവർത്തകർ ഒരുമിച്ചുകൂടി റോഡ് ഉപരോധിച്ചതിനെത്തുടർന്ന് അവരെ അറസ്റ്റ് ചെയ്ത് നന്ദാവനം എ.ആർ. ക്യാമ്പിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കവേ മറ്റ് പ്രവർത്തകർ പോലീസ് വാഹനം തടഞ്ഞ് മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും പോലീസിനെ ആക്രമിക്കുകയുമുണ്ടായി. തുടർന്നുണ്ടായ സംഘർഷത്തിൽ ശ്രീ. ഷാഫി

പറമ്പിൽ എം.എൽ.എ.-യ്ക്കും ചില പ്രവർത്തകർക്കും പരിക്കേറ്റു. ആശുപത്രിയിൽ കൊണ്ടുപോകാൻ ആംബുലൻസിൽ കയറ്റിയ എം.എൽ.എ. നിർബന്ധപൂർവ്വം ആംബുലൻസിൽ നിന്നുമിറങ്ങി മാധ്യമ പ്രവർത്തകർക്ക് അഭിമുഖം നൽകിയശേഷം കെ.എസ്.യു. പ്രവർത്തകരോടൊപ്പം പോലീസ് ബസ്സിൽ എ.ആർ. ക്യാമ്പിൽ എത്തിച്ചേർന്നു. തുടർന്ന് എ.ആർ. ക്യാമ്പിലെത്തിയ യു.ഡി.എഫ്. എം.എൽ.എ.-മാർ ശ്രീ. ഷാഫി പറമ്പിലിനെ നിർബന്ധിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. പ്രസ്തുത സംഭവത്തിൽ നിരവധി പോലീസുകാർക്ക് പരിക്കേൽക്കുകയുണ്ടായി. സംഭവവുമായി ബന്ധപ്പെട്ട് ഇരുപതോളം പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. എം.എൽ.എ.-യ്ക്ക് പരിക്കേറ്റതുൾപ്പെടെയുള്ള സംഭവങ്ങളിൽ അന്വേഷണം നടത്താൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: ഇന്നലെ നടന്ന കെ.എസ്.യു. നിയമസഭാ മാർച്ചിനിടെ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യ്ക്ക് പരിക്കേറ്റ സംഭവവുമായി ബന്ധപ്പെട്ട് സത്യവിരുദ്ധമായ പോലീസ് റിപ്പോർട്ടാണ് വ്യവസായ വകുപ്പുമന്ത്രി സഭയിൽ ഉദ്ധരിച്ചത്. മാർച്ചിനെ അഭിവാദ്യം ചെയ്ത് എല്ലാവരും

പിരിഞ്ഞുപോകുന്ന സമയത്ത് ചെറിയ രീതിയിൽ സംഘർഷമുണ്ടാകുകയും ചുരുക്കം പ്രവർത്തകരെ വാഹനത്തിൽ കയറ്റി പോലീസ് ക്യാമ്പിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. പ്രവർത്തകർ കയറിയ വാഹനത്തിന്റെ മുന്നിൽനിന്ന് ചിലർ മുദ്രാവാക്യം വിളിച്ചു എന്നതിന്റെ പേരിലാണ് ക്രൂരമായ മർദ്ദനം നടത്തിയത്. ക്രിമിനലുകളായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പോലീസ് സേനയിലെ ക്രിമിനലുകളെ ഉപയോഗിച്ച് വിദ്യാർത്ഥി സമരം അടിച്ചമർത്തുന്ന നടപടി തികച്ചും അപരിഷ്കൃതമാണ്. വാളയാറിലെ ദളിത് പെൺകുട്ടികളുടെ മരണം, കേരള സർവ്വകലാശാലയിലെ മാർക്ക് തട്ടിപ്പ്, പി.എസ്.സി. പരീക്ഷാ ക്രമക്കേട് എന്നിവ സംബന്ധിച്ച അന്വേഷണം അട്ടിമറിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. വിദ്യാർത്ഥികളെ തല്ലിച്ചതച്ച പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തി നിയമനടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ക്രമസമാധാനപരിപാലനം എന്നതാണ് സർക്കാർ നയം. ജനാധിപത്യപരമായ പ്രതിഷേധ സമരങ്ങളിൽ

ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് പരിക്കേൽക്കാതിരിക്കുന്നതിന് ജാഗ്രത പുലർത്തണമെന്ന നിർദ്ദേശമാണ് പോലീസിന് നൽകിയിട്ടുള്ളത്. മാർച്ചിന് നേരെയുണ്ടായ പോലീസ് നടപടി സംബന്ധിച്ച് അന്വേഷണം നടത്തുന്നതും വീഴ്ച കണ്ടെത്തിയാൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതുമാണ്. സിവിൽ പോലീസ് ഓഫീസർ പരീക്ഷയിലെ ക്രമക്കേട് സംബന്ധിച്ച കേസ്സന്വേഷണത്തിൽ കണ്ടെത്തിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ശാസ്ത്രീയ പരിശോധന നടന്നുവരികയും യൂണിവേഴ്സിറ്റി പരീക്ഷാ ക്രമക്കേട് വിഷയത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പോലീസ് അതിക്രൂരമായി മർദ്ദിച്ചതിനെത്തുടർന്ന് ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യ്ക്ക് ഇന്ന് സഭയിൽ ഹാജരാകാൻ സാധിച്ചിട്ടില്ല.

പോലീസുകാർക്ക് പരിക്കേൽക്കാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾ പോലീസിനെ മർദ്ദിച്ചുവെന്ന മന്ത്രിയുടെ മറുപടി വസ്തുനിഷ്ഠമല്ല. പ്രതിഷേധ സമരത്തിനിടെ മർദ്ദന നടപടികൾ സ്വീകരിക്കേണ്ട യാതൊരു സാഹചര്യവും അവിടെയുണ്ടായിട്ടില്ല. പോലീസ് മർദ്ദനത്തിൽ പരിക്കേറ്റ എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോകാൻ തയ്യാറാകാതെ വിഷയത്തെ ഭീകരസംഭവമാക്കി മാറ്റുകയാണുണ്ടായത്. വിദ്യാർത്ഥി പ്രതിഷേധ സമരങ്ങളോട് സർക്കാർ സ്വീകരിക്കുന്ന നിലപാട് ഖേദകരമാണ്. ഈ സംഭവത്തിൽ ഉത്തരവാദികളായ പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് നീതിപൂർവ്വമായ അന്വേഷണം നടത്താൻ തയ്യാറാകണം. സഭയിലെ ഒരംഗത്തെ പോലീസ് മർദ്ദിച്ച നടപടി പ്രതിഷേധാർഹമാണ്. പാർട്ടിയുടെ ആജ്ഞാനുവർത്തികളായി പോലീസ് സംവിധാനം മാറിയിരിക്കുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിന് ചുറ്റും നിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II ശ്രദ്ധക്ഷണിക്കൽ

### റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. മാണി സി. കാപ്പൻ: സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

(പ്രതിക്ഷാംഗങ്ങളിൽ ചിലർ ഡയസിൽ പ്രവേശിച്ചതിനെത്തുടർന്ന് രാവിലെ 10.51-ന് സഭ നിർത്തിവയ്ക്കുകയും 11.44-ന് പുനരാരംഭിക്കുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നിയമസഭാംഗമായ ശ്രീ. ഷാഫി പറമ്പിലിനെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ട് അന്വേഷണം നടത്തണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: സർവ്വശ്രീ റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത് എന്നീ സാമാജികർ സഭാനടത്തിപ്പിന്റെ സാമാന്യമര്യാദ ലംഘിക്കുന്ന നിലയിൽ പെരുമാറിയതു സംബന്ധിച്ച് കൂടിയാലോചിച്ച് കാര്യങ്ങൾ തീരുമാനിക്കേണ്ടി വരുമെന്നറിയിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ശ്രദ്ധക്ഷണിക്കലുകളുടേയും സബ്മിഷനുകളുടേയും മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## III മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, 2 [ചട്ടം 47(2)] പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ പരിഗണിച്ചില്ല.)

## V നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) <u>2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ</u>

(ii) <u>2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. പി. ജയരാജൻ)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u>: പ്രമേയങ്ങളെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലും 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

(i) 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

251. ഖണ്ഡം 2 (ഡി)-ൽ "ഒരു " എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

272. ഖണ്ഡം 2 (ഇ)-ൽ

ii) "ജില്ലാബോർഡ് " എന്നതിന് പകരം "ജില്ലാ ബോർഡ് " എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

286. ഖണ്ഡം 3-ൽ

i) "രൂപീകരിച്ച " എന്ന വാക്കിന് പകരം "രൂപീകരിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ii) "ജില്ലാബോർഡ്" എന്നതിനു പകരം "ജില്ലാ ബോർഡ് " എന്ന് മാറ്റുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ഉം 5-ഉം വകുപ്പുകൾ

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

4-ഉം 5-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ഉം 5-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

## 6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

380. ഖണ്ഡം 6(1)-ൽ,

iii) "കൈപ്പറ്റു " എന്നത് "കൈപ്പറ്റ്" എന്നാക്കുക.

391. ഖണ്ഡം 6(1)-ൽ,

ii) "നേടേണ്ടതാണ് " എന്നതിനുപകരം "നേടേണ്ടതുമാണ്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

425. ഖണ്ഡം 7-ൽ, "കേന്ദ്രആക്റ്റിൻകീഴിലുള്ള" എന്ന വാക്കിനു പകരം "കേന്ദ്ര ആക്റ്റിൻ കീഴിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

479. ഖണ്ഡം 8(3)-ന്റെ വിശദീകരണം (എ)-ൽ "ഏകാംഗികൃത" എന്നതിനു പകരം "ഏകാംഗീകൃത" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9 മുതൽ 14 വരെ വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

9 മുതൽ 14 വരെ വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9 മുതൽ 14 വരെ വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

156. ഖണ്ഡം 2-ൽ

iii) "(3)-ാം വകുപ്പിൽ" എന്നത് "3-ാം വകുപ്പിൽ"എന്നാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

230. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ആർ)-ൽ

i) "സർക്കാർ" എന്ന വാക്കിന് പകരം "സർക്കാർ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

4-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്ക് 12.02-ന് പിരിഞ്ഞു.